DESPATCHED
On. 22/9/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.1471 (3)/2021/എസ്.ഐ.സി

(ഫയൽ നം. 12822/എസ്.ഐ.സി - ജി1/2021)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 15/09/2022

ശ്രീ. ആർ. ഗിരീശ ബാബു,
ലാൽ മന്ദിരം, മുക്കോലക്കൽ,
നെടുമങ്ങാട് പി.ഒ,
തിരുവനന്തപുരം - 695 541.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   കരകുളം ഗ്രാമപഞ്ചായത്ത്, കരകുളം പി.ഒ
   തിരുവനന്തപുരം - 695 564.

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ്
   ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
   കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19.05.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 22.07.2021 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12.08.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | 23.09.2021 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11.10.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 12.10.2021 |

# ഉത്തരവ് .

തിരുവനന്തപുരം നെടുമങ്ങാട് മുക്കോലയ്ക്കൽ 'ലാൽ മന്ദിരത്തിൽ' ശ്രീ. ആർ. ഗിരീശ ബാബു എന്നയാൾ കരകുളം ഗ്രാമപഞ്ചായത്ത് ഓഫീസിലെ എസ്.പി. ഐ.ഒ യോട് 2021 ൽ ടി പഞ്ചായത്തിലെ ഏണിക്കര വാർഡിലെ ഏണിക്കര Shopping Complex ഉൾപ്പെടുന്ന മാർക്കറ്റിനെപ്പറ്റിയും അതിനോടനുബന്ധിച്ചു സ്ഥിതി ചെയ്യുന്ന 2 കെട്ടിടങ്ങളുടെ വിവരങ്ങളുമാണ് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. 19/05/2021 തീയതിയിലെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ 22/07/2021 നാണ് മറുപടി നൽകിയിരിക്കുന്നത്. ആയതിൽ തൃപ്തനാവാതെ 12/08/2021 ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. അതിനുള്ള മറുപടിക്കെതിരെയുള്ള പരാതിയുമായാണ് രണ്ടാം അപ്പീൽ ഹർജിയുമായി കമ്മീഷനെ സമീപിച്ചത്.

2. പരാതിക്കാരനായ ശ്രീ. ആർ. ഗിരീശ ബാബുവും അപ്പീൽ അധികാരിയായ ശ്രീ. പ്രശാന്ത്കുമാർ.കെ യും, എസ്.പി.ഐ.ഒ ആയ ശ്രീമതി.ദീപയും 13/09/2022 ൽ കമ്മീഷനിൽ നടത്തിയ ഹിയറിംഗ് വേളയിൽ ഹാജരായി. ഉദ്യോഗസ്ഥരുടെ വിശദീകരണം, അപേക്ഷകന് വിവരം നൽകാതിരുന്നതിനുള്ള തക്കതായ കാരണമായി കമ്മീഷന് ബോധ്യപ്പെടാത്തതിനാൽ 30/09/2022 3.00pm ന് കരകുളം വില്ലേജ് ഓഫീസർ, നെടുമങ്ങാട് തഹസിൽദാർ, കരകുളം പഞ്ചായത്ത് സെക്രട്ടറി, കരകുളം പഞ്ചായത്ത് എസ്.പി.ഐ.ഒ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, എന്നിവർ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററും, ബന്ധപ്പെട്ട എല്ലാ രേഖകളുമായി കമ്മീഷൻ മുമ്പാകെ ഹാജരാകണമെന്ന താൽക്കാലിക ഉത്തരവ് ഇന്നേ ദിവസം (2022, സെപ്റ്റംബർ മാസം 15-ാം തീയതി) കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി